5

# യേശു: അഭിഷിക്തൻ

ഒരാളിൽ തൈലം ഒഴിച്ചു, അഭിഷിക്തൻ, *മശിയ* ആക്കുന്നു. ഈ രീതിയിലാണ് കീശിന്റെ മകൻ ശൗൽ *മശിയ*യാകുന്നത് (1 ശമൂവേൽ 10:1). അതുപോലെ, ദാവീദും *മശിയ*യാകുന്നുണ്ട്: "ശമുവേൽ തൈല ക്കൊമ്പ് എടുത്തു തൈലം ഒഴിച്ചു അവനെ അഭിഷേകം ചെയ്തു" (1 ശമൂവേൽ 16:13). സാധാരണ ഒരു രാജാവിനെ നിയമിക്കുന്നതു തൈലം പൂശിയാണ്.

ദൈവം തന്റെ മകനെ സൂപിപ്പിക്കുന്നതിനു വേണ്ടി *മശിയ* എന്ന വാക്ക് രൂപപ്പെടുത്തിയിരിക്കുന്നു. യേശുവിനെ വിളിച്ച പേരുകളിൽ ഒന്നു *മശിഹ,* അവന്റെ "അഭിഷിക്തൻ" എന്നായിരുന്നു (സങ്കീർത്തനങ്ങൾ 2:2). ദാനിയേൽ യേശുവിനെ ഒരു രാജകീയ വ്യക്തിയായിട്ടാണ് ചിത്രീ കരിച്ചിരിക്കുന്നത്, "അഭിഷിക്തനായൊരു പ്രഭു" എന്നാണ് (ദാനിയേൽ 9:25).

എബ്രായ വാക്കായ *മശിയ* എന്നതാണ് ഇംഗ്ലീഷിൽ "*മശിഹ*" എന്നു പറഞ്ഞിരിക്കുന്നത്; അതിനു തുല്യമായി, ഗ്രീക്കിൽ *ക്രിസ്റ്റോസ്*, ക്രിസ്തു വായിത്തീർന്നു. ദൈവം ലോകത്തിൽ *മശിഹ*യായി (*മശിയ*) വരുമെന്നു എങ്ങനെയോ - കിണറ്റിനരികിൽ നിന്നു യേശുവിനോടു സംഭാഷണം നടത്തിയ ശമര്യക്കാരി സ്ത്രീ അറിഞ്ഞിരുന്നു. അവൾ പറഞ്ഞു, "മശിഹ എന്നു വെച്ചാൽ ക്രിസ്തു വരുന്നു എന്നു ഞാൻ അറയുന്നു'' (യോഹന്നാൻ 4:25).

അഭിഷിക്തനായ, മശിഹ എന്നായിരിക്കും ദൈവത്തിന്റെ പദവി എന്നു യോഹന്നാന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്ന, അന്ത്രെയോസും, പറഞ്ഞു. അവൻ പത്രൊസിനോടു ഇതു പറഞ്ഞപ്പോൾ അവന്റെ ഉള്ളിൽ അത്യഗാധമായ വികാരം ഉണ്ടായിരുന്നു, "ഞങ്ങൾ *മശിഹയെ* കണ്ടു" (യോഹന്നാൻ 1:41).

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു," എന്നു പത്രൊസ് പിന്നീട് ഏറ്റു പറഞ്ഞു (മത്തായി 16:16). പത്രൊസിന്റെ വിശ്വാസത്തെ യേശുക്രിസ്തു അഭിനന്ദിച്ചുകൊണ്ടു നസറേത്തുകാരൻ ദൈവത്താൽ അഭിഷിക്തൻ എന്ന വസ്തുതയിന്മേൽ, തന്റെ സഭ പണിയു മെന്നു പ്രഖ്യാപിക്കയും ചെയ്തു. എങ്ങനെയായാലും, സാങ്കേതികമായി പറഞ്ഞാൽ, പത്രൊസിന്റെ ഏറ്റു പറച്ചിൽ സമയത്ത് യേശു മശിഹ അഭി ഷിക്തൻ ആയി തീർന്നിരുന്നില്ല, മരണത്തെ ജയിച്ചു കല്ലറയിൽ പുറ ത്തുവരികയും ആരോഹണം ചെയ്തു മഹത്വീകരിക്കപ്പെട്ടാൽ മാത്രമേ അവൻ അഭിഷിക്തനായ *മശിഹ* ആവുകയുള്ളു. പത്തു ദിവസം

കഴിഞ്ഞു പെന്തെകൊസ്തുനാളിൽ, യേശു പിതാവിന്റെ അടുക്കലേക്കു പോവുകയും കിരീടധാരണം നടത്തുകയും ചെയ്തു. ആലങ്കാരികമായി പഞ്ഞാൽ, അവന്റെ പിതാവു അഭിഷിക്ത തൈലം അവന്റെ തലയിൽ ഒഴിച്ചു. അവൻ യേശുവിനെ "ദൈവം" എന്നു വിളിച്ചു:

> ദൈവമേ, നിന്റെ സിംഹാസനം, എന്നും എന്നേക്കും ഉള്ളതാകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോൽ ആകുന്നു. നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതുകൊണ്ടു ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദ തൈലം കൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു (സങ്കീർത്തനങ്ങൾ 45:6, 7).

ആ കർത്തു ദിവസത്തിലെ ചരിത്ര സന്ദർഭം മുതൽ (ഏതാണ്ട് ഏ.ഡി. 30 മെയ് 26), അവൻ ഔദ്യോഗികമായി അനുഗ്രഹിക്കപ്പെട്ട ശക്തനായ, രാജാധിരാജാവും കർത്താധി കർത്താവും ആയി (1 തിമൊഥെയൊസ് 6:15), അതായതു പ്രത്യേക *മശിഹ.*

© 2009 Truth for Today